കേരള സർക്കാർ

പ്രവേശനപരീക്ഷ കമ്മീഷണറുടെ കാര്യാലയം

ഏഴാം നില, കെ.എസ്.ആർ.ടി.സി. ബസ് ടെർമിനൽ കോംപ്ലക്സ്

തമ്പാനൂർ, തിരുവനന്തപുരം-695001

E-mail: ceekinfo.cee@kerala.gov.in

Telephone: 0471 – 2332120, 2338487

വിജ്ഞാപനം

കീം 2026

കേരള മെഡിക്കൽ/മെഡിക്കൽ അനുബന്ധ കോഴ്സുകളിലേക്കുള്ള പ്രവേശനം അപേക്ഷകന്റെ പ്രൊഫൈൽ പരിശോധിക്കുന്നതിനും അപാകതകൾ പരിഹരിക്കുന്നതിനുമുള്ള അവസരം

2026-27 അധ്യയന വർഷത്തെ **കേരള മെഡിക്കൽ/ മെഡിക്കൽ അനുബന്ധ കോഴ്സുകളിലേക്കുള്ള** പ്രവേശനത്തിന് ഓൺലൈനായി അപേക്ഷ സമർപ്പിച്ച വിദ്യാർത്ഥികൾക്ക് അവരുടെ പ്രൊഫൈൽ പരിശോധിക്കുന്നതിനും അപേക്ഷയിൽ ന്യൂനതകൾ ഉള്ള പക്ഷം അവ പരിഹരിക്കുന്നതിനുമുള്ള അവസരം **10.08.2026, ഉച്ചയ്ക്ക് 12.00 മണി വരെ** പ്രവേശന പരീക്ഷാ കമ്മീഷണറുടെ **www.cee.kerala.gov.in** എന്ന വെബ്സൈറ്റിൽ ലഭ്യമാക്കിയിട്ടുണ്ട്. **'KEAM-2026, Candidate Portal'** എന്ന ലിങ്കിൽ അവരവരുടെ അപേക്ഷാ നമ്പരും, പാസ്വേഡും നൽകി ലോഗിൻ ചെയ്യുമ്പോൾ അപേക്ഷകന്റെ പ്രൊഫൈൽ പേജ് ദൃശ്യമാകുന്നതാണ്.

അപേക്ഷകരുടെ പ്രൊഫൈൽ പേജിൽ അപേക്ഷയിൽ അനുവദിച്ചിട്ടുള്ള വ്യക്തിഗത വിവരങ്ങൾ, നേറ്റിവിറ്റി, സംവരണം, മറ്റ് ആനുകൂല്യങ്ങൾ സംബന്ധിച്ച വിവരങ്ങൾ എന്നിവയും വിദ്യാർഥിയുടെ ഫോട്ടോ, ഒപ്പ് എന്നിവയും ദൃശ്യമാകുന്നതാണ്. അപേക്ഷയിൽ ന്യൂനതകൾ ഉള്ള പക്ഷം പ്രൊഫൈൽ പേജിൽ ലഭ്യമായ **'Memo details'** എന്ന മെനു ക്ലിക്ക് ചെയ്താൽ ന്യൂനതകൾ സംബന്ധിച്ച വിവരങ്ങൾ വിദ്യാർത്ഥികൾക്ക് കാണാൻ കഴിയും. ന്യൂനതകൾ പരിഹരിക്കുന്നതിന് ആവശ്യമായ രേഖകൾ/സർട്ടിഫിക്കറ്റുകൾ/ഫോട്ടോ/ഒപ്പ് അപേക്ഷകൻ ഓൺലൈനായി മുകളിൽ പറഞ്ഞിരിക്കുന്ന തീയതിക്കുള്ളിൽ അപ്ലോഡ് ചെയ്യേണ്ടതാണ്. അപാകതകൾ പരിഹരിക്കുന്നതിന് പിന്നീട് അവസരം നൽകുന്നതല്ല. അനുബന്ധ രേഖകളോ സർട്ടിഫിക്കറ്റുകളോ പ്രവേശന പരീക്ഷാ കമ്മീഷണറുടെ കാര്യാലയത്തിലേക്ക് അയയ്ക്കേണ്ടതില്ല.

കുറിപ്പ്:-

പ്രോസ്പെക്ടസ് വ്യവസ്ഥ അനുസരിച്ച് കേരളീയരായവർക്ക് (keralite) മാത്രമാണ് സാമുദായിക/പ്രത്യേക സംവരണത്തിനോ ഫീസ് ആനുകൂല്യങ്ങൾക്കോ അർഹതയുള്ളത്. ഇത്തരം സംവരണം/ആനുകൂല്യങ്ങൾ തെളിയിക്കുന്നതിനാവശ്യമായ സർട്ടിഫിക്കറ്റുകൾ വിദ്യാർത്ഥി സമർപ്പിച്ചിട്ടുണ്ടെങ്കിലും കേരളീയനാണെന്ന് തെളിയിക്കുന്നതിനാവശ്യമായ രേഖകളുടെ അഭാവത്തിൽ പ്രസ്തുത സംവരണം/ആനുകൂല്യം റദ്ദ് ചെയ്യപ്പെടുന്നതാണ്. ആയതിനാൽ കാൻഡിഡേറ്റ് പോർട്ടലിൽ **നേറ്റിവിറ്റി മെമ്മോ** ലഭിച്ചിട്ടുള്ള വിദ്യാർത്ഥികൾ ആവശ്യമായ രേഖകൾ അപ്ലോഡ് ചെയ്ത് നേറ്റിവിറ്റിയിലെ അപാകത പരിഹരിക്കേണ്ടതാണ്.

ഹെൽപ് ലൈൻ നമ്പർ : 0471-2332120, 2338487

Digitally signed by
R Manoj
Date: 03-08-2026
19:05:01

ജോയിന്റ് കമ്മിഷണർ അക്കാഡമിക്
പ്രവേശന പരീക്ഷാകമ്മീഷണർക്കു വേണ്ടി

തിരുവനന്തപുരം
03-08-2026